LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 40 സബ്സ്റ്റേഷനുകളും (220 കെ.വി. -2, 110 കെ.വി. -13, 66 കെ.വി.-4, 33 കെ.വി. - 21) അനുബന്ധ ലൈനുകളും (220 കെ.വി. -73.98 സി.കെ.എം., 110 കെ.വി.- 191.947 സി.കെ.എം., 66 കെ.വി. -3.22 സി.കെ.എം., 33 കെ.വി. - 238.545 സി.കെ.എം.) കമ്മീഷൻ ചെയ്തു. കൂടാതെ നിലവിലുള്ള സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുടെ ശേഷി വർദ്ധിപ്പിച്ചതുവഴി 1692.5 എം.വി.എ. അധികമായി കൂട്ടി ചേർത്തു.

(ബി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമാണെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും നിർമ്മിക്കുവാനും, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും, ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഫീഡറുകളിലെ ലോഡും സബ്സ്റ്റേഷനുകൾ ഫീഡു ചെയ്യുന്ന രീതികളും പുനഃക്രമീകരിക്കുക മുതലായ നടപടികളും കൈകൊണ്ടു വരുന്നു. ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും അറ്റകുറ്റപണികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. സബ്സ്റ്റേഷനുകളിൽ കപ്പാസിറ്റർ ബാങ്ക് സ്ഥാപിക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

വൈദ്യുതി റീഡിംഗ്

65 (432) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി റീഡിംഗ് രേഖപ്പെടുത്താൻ എത്തുമ്പോൾ രണ്ടു പ്രാവശ്യം വീട് പൂട്ടിക്കിടന്നാൽ പിഴ ഈർപ്പെടുത്താനോ, വൈദ്യുതി വിച്ഛേദിക്കാനോ ഉള്ള വ്യവസ്ഥ ഉൾപ്പെടുത്തി ഉത്തരവുണ്ടായിട്ടുണ്ടോ ; എങ്കിൽ അത് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത വ്യവസ്ഥ വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കാതെ ഏർപ്പെടുത്തുന്നതിലെ നീതിരാഹിത്യം ബോദ്ധ്യമായിട്ടുണ്ടോ ; എങ്കിൽ എന്ത് തുടർ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇക്കാര്യത്തിൽ ഉപഭോക്താക്കൾ നേരിടേണ്ടി വരുന്ന സുരക്ഷാ പ്രശ്നങ്ങൾ പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; മീറ്റർ റീഡിംഗിന് നിശ്ചിത ദിവസവും, സമയവും മുൻകൂർ അറിയിക്കാൻ വ്യവസ്ഥ നിലിവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഉപഭോക്തൃ സൗഹൃദ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ-ഡി) തുടർച്ചയായി രണ്ടുതവണ മീറ്റർ റീഡിംഗിന് അപ്രാപ്യമായി വന്നാൽ പിഴയും തുടർന്ന് വൈദ്യുതി വിച്ഛേദിക്കുന്നതിനും വ്യവസ്ഥ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് നടപ്പാക്കുന്നത് മരവിപ്പിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി വിതരണം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് എന്ന ചട്ടത്തിന്റെ 111-ാം ചട്ടപ്രകാരം മീറ്റർ തുടർച്ചയായി രണ്ടുതവണ റീഡിംഗിന് അപ്രാപ്യമാക്കിയാൽ പിഴ ചുമത്തുന്നതിനും തുടർന്ന് വൈദ്യുതി വിച്ഛേദിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ചട്ടത്തിന്റെയും 1-7-2015-ൽ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

ദീർഘകാലം വീട് പൂട്ടി പോകുന്നവർക്ക് അവരുടെ ശരാശരി ഉപഭോഗം കണക്കാക്കി അത്രയും കാലത്തെ മിനിമം തുക അടച്ചാൽ പിഴയിൽ നിന്നൊഴിവാകാൻ സപ്ലൈ കോഡിൽ തന്നെ വ്യവസ്ഥയുണ്ട്. കൂടാതെ ഉപഭോക്താവിന്റെ താല്പര്യപ്രകാരം അവർ നിർദ്ദേശിക്കുന്ന തീയതിയിൽ 50 രൂപ ഫീസ് ഒടുക്കി റീഡിംഗ് എടുക്കാനും വ്യവസ്ഥയുണ്ട്. മീറ്റർ റീഡിംഗ് തീയതി മുൻകൂട്ടി അറിയിക്കുവാൻ കഴിയുമോ എന്നതിന്റെ സാദ്ധ്യതകൾ ബോർഡ് പരിശോധിച്ചുവരുന്നു. മീറ്റർ റീഡിംഗ് നേരിട്ടെടുക്കാതെ സ്മാർട്ട് മീറ്ററിംഗ് സംവിധാനം ഒരുക്കി ഓൺലൈൻ വഴി മീറ്റർ റീഡിംഗും ബില്ലിംഗും നടത്താൻ ആലോചിക്കുന്നുണ്ട്. ഇതുവഴി മീറ്റർ റീഡിംഗ് എടുക്കാൻ കഴിയാത്ത സ്ഥിതിക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയും. ഇതു ഘട്ടംഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇത്തരത്തിൽ വിവിധ ഉപഭോക്തൃ സൗഹൃദ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

വൈദ്യുതി നിരക്ക് വർദ്ധന

66 (433) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2015 നവംബർ 30 വരെ എത്ര പ്രാവശ്യം വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) കെ.എസ്.ഇ.ബി.-യ്ക്ക് കടിശ്ശികയിനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടാനുണ്ട് ; വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly